# ഭോപ്പാൽ മുതൽ കാസർകോട് വരെ

കവർസ്റ്റോറി

മുഹമ്മദ് ശമീം



**“നിങ്ങളിൽ** അക്രമം ചെയ്തവരെ മാത്രമായിട്ടല്ലാതെ ബാധിച്ചേക്കാവുന്ന ദുരന്തങ്ങളെ കരുതിയിരിക്കണം” –ഖുർആൻ

* * *


“ജ്ഞാനിയായ മനുഷ്യൻ നന്മയെന്തെന്നറിയും. അധമനായ മനുഷ്യനോ, ലാഭമെന്തെന്നാണറിയുക”– കണ്‍ഫ്യൂഷിസ്

* * *

‘ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിനു വേണ്ടാത്തവർ’ എന്ന് *It Was Five Past Midnight in Bhopal* എന്ന പുസ്തകത്തിൽ ഒരു പ്രയോഗമുണ്ട്. ഡൊമിനിക് ലാപിയറും ജാവിയർ മൊറോയും ചേർന്നെഴുതിയ ഈ പുസ്തകം, 1984 ഡിസംബറിൽ മധ്യപ്രദേശിലെ ഭോപ്പാലിലുണ്ടായ വാതക ചോർച്ചയെക്കുറിച്ചുള്ളതാണ്. ഒറിയ, ചോള, ജയപ്രകാശ് കോളനികളിലെ ദരിദ്ര ജനതയെയും റെയിൽവേ പുറമ്പോക്കിൽ തമ്പുകെട്ടി പാർത്ത നാടോടികളെയുമായിരുന്നു ദുരന്തം പ്രധാനമായും ബാധിച്ചത്. ഒറീസ്സയിൽനിന്ന് കുടിയേറിയ ദലിതരാണ് ഒറിയ കോളനിനിവാസികൾ. മുദിലപ്പ ഗ്രാമത്തിൽനിന്ന് ഭോപ്പാലിൽ കുടിയേറിയ രത്നനാടാർ കുടുംബത്തിന്റെ ജീവിതാനുഭവങ്ങളോടും ബന്ധപ്പെടുത്തിയാണ് ഗ്രന്ഥകാരന്മാർ ദുരന്തം വിവരിക്കുന്നത്.

വേണ്ടാത്തവരെ ഇല്ലാതാക്കാനും അരുക്കാക്കാനും വഴികളുണ്ട്. കുടിയിറക്ക്, നിർബന്ധ വന്ധീകരണം എന്നു തുടങ്ങി വംശീയ ഹത്യകൾ വരെ. അണുവികിരണവും വിഷവാതകച്ചോർച്ചയും മുതൽ കീടനാശിനി പ്രയോഗം വരെയുള്ളവയും ഇതിനുള്ള ഉപായങ്ങൾ തന്നെ. നഗര സൗന്ദര്യവത്കരണത്തിന്റെയും വികസനത്തിന്റെയും പേരിലാണ് ദൽഹിയിലും ഭോപ്പാലിലും മറ്റു നഗരങ്ങളിലുമെല്ലാം സഞ്ജയ് ഗാന്ധിയുടെ ‘വാഴ്ച’ക്കാലത്ത് വ്യാപക കുടിയിറക്കുകളുണ്ടായത്. വികസനം ഏത നീതിയെയും ഉദാത്തമാക്കും. സ്വതന്ത്ര ഇന്ത്യ കണ്ട ഏറ്റവും ഭീകരമായ വംശഹത്യക്ക് നേതൃത്വം കൊടുത്ത നരേന്ദ്ര മോഡിയും വികസനോന്മുഖതയുടെ പേരിൽ വിശുദ്ധനാക്കപ്പെട്ടുവല്ലോ.

അതിനാൽ ദുരന്തങ്ങളുണ്ടാക്കിയാലും കമ്പനികൾക്കും ഉൽപന്നങ്ങൾക്കും ഭരണകൂടം ഗുഡ് സർട്ടിഫിക്കറ്റ് നൽകുന്നു. ഭോപ്പാലിലതുണ്ടായിട്ടുണ്ട്. കാസർകോട് ജില്ലയിൽ ദുരിതം തീർത്ത എൻഡോസൾഫാൻ വിഷത്തിനും സർക്കാറിന്റെ വിശുദ്ധിപത്രം ലഭിച്ചു.




ഭോപ്പാലിലെ കാർബൈഡ് ഫാക്ടറിയിൽ സെവിൻ എന്ന കീടനാശിനിയാണ് മുഖ്യമായും ഉൽപാദിപ്പിച്ചിരുന്നത്. അമേരിക്ക കേന്ദ്രമായ യൂനിയൻ കാർബൈഡ് എന്ന ബഹുരാഷ്ട്ര കമ്പനിയിൽ കീടനാശിനിക്കു പുറമെ അസറ്റിലിൻ തെരുവ് വിളക്കുകൾ, ബാറ്ററികൾ, വാഹനങ്ങളുടെ ഹെഡ് ലാമ്പുകൾ, യുദ്ധോപാധികൾ എന്നിവയും ഉൽപന്നങ്ങളായിരുന്നു. ഫോസ്ജീൻ, മോണോ മീഥൈൽ അമീൻ എന്നീ വാതകങ്ങളുടെ പ്രതിവർത്തനത്തിൽനിന്നുണ്ടാകുന്ന മീഥൈൽ ഐസോ സയനേറ്റി(എം.ഐ.സി)ന്റെ കൂടെ ആൽഫ നാഫ്തോൾ ചേർത്താണ് സെവിൻ നിർമിക്കുന്നത്. ‘രാസവ്യവ

സായത്തിന്റെ മന്ത്രവാദികളാൽ ഗർഭം ധരിക്കപ്പെട്ട ഏറ്റവും അപകടകരമായ മിശ്രിതം' എന്ന് 'മിക്' (മീഥൈൽ ഐസോ സയനേറ്റ്) വാതകത്തെ ലാപിയറും മൊറോയും വിശേഷിപ്പിക്കുന്നു. അനിയന്ത്രിതവും അതിതീക്ഷ്ണവുമായ പ്രതിപ്രവർത്തനങ്ങളുണ്ടാക്കാൻ കഴിവുള്ള ഇതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച പഠനങ്ങൾ പുറത്തുവരുന്നത് യൂനിയൻ കാർബൈഡ് തടഞ്ഞു. ചെലവ് ചുരുക്കലിന്റെ ഭാഗമായി സുരക്ഷാക്രമീകരണങ്ങളിൽ വൻ കുറവ് വരുത്തിയ കമ്പനിയിൽനിന്ന് 1980–1984കാലത്ത് 67 തവണ മിക് വാതകം ചോർന്നതായി പരിസ്ഥിതി സംരക്ഷണത്തിനുള്ള ഫെഡറൽ ഏജൻസി കണ്ടെത്തിയിട്ടുണ്ട്. ദ്രവരൂപത്തിൽ സൂക്ഷിച്ച ഫോസ്ജീൻ ചോർന്നതിനെത്തുടർന്ന് മുഹമ്മദ് അശ്റഫ് എന്ന തൊഴിലാളി മരണമടഞ്ഞത് വിവാദങ്ങൾക്ക് വഴിവെച്ചു. എന്നാൽ മധ്യപ്രദേശ് തൊഴിൽമന്ത്രി എല്ലാ ആരോപണങ്ങളെയും നിരാകരിച്ചു: "കാർബൈഡ് ഫാക്ടറിയെക്കുറിച്ച ആശങ്കകൾക്ക് യാതൊരു അടിസ്ഥാനവുമില്ല. അത് ഉൽപാദിപ്പിക്കുന്ന 'ഫോസ്ജീൻ' ഒരു വിഷ പദാർഥമേയല്ല."

കാസർകോട് പതിമൂന്ന് പഞ്ചായത്തുകളിൽ ദുരിതം വിതച്ച, നൂറുകണക്കിന് മരണങ്ങൾക്കും ആയിരത്തിൽപരം പേരുടെ ക്ലേശ ജീവിതത്തിനും നിമിത്തമായ എൻഡോസൾഫാൻ കീടനാശിനിക്ക് 2009 ഒക്ടോബർ 12 മുതൽ 16 വരെ ജനീവയിൽ നടന്ന പി.ഒ.പി (Persistant Organic Pollutant) റിവ്യൂ കമ്മിറ്റിയിൽ ഇന്ത്യൻ പ്രതിനിധിയായ ഇന്ദ്രാണി ചന്ദ്രശേഖർ ഗുഡ് സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി. മുപ്പത്തിരണ്ട് രാജ്യങ്ങൾ പങ്കെടുത്ത പ്രസ്തുത ഉച്ചകോടിയിൽ ഇന്ത്യയൊഴിച്ച് എല്ലാ രാജ്യങ്ങളും ഇത് നിരോധിക്കണമെന്നാവശ്യപ്പെട്ടിരുന്നു. ഇന്ത്യയുടെ പിടിവാശി കാരണം, 'യാതൊരു ദൂഷ്യഫലവുമില്ലാത്ത പാവം കീടനാശിനി'ക്ക് നിരോധമുണ്ടായില്ല. കേന്ദ്ര കൃഷി വകുപ്പ് മന്ത്രി ശരത് പവാർ ലോക്സഭയിലും രാജ്യസഭയിലും ഇതേ വർത്തമാനം പറഞ്ഞു. രാജ്യസഭയിൽ കേരളത്തിൽനിന്നുള്ള സി.പി.എം അംഗം ഇതിനെ എതിർത്തെങ്കിലും അദ്ദേഹത്തിന് സംസാരിക്കാൻ അനുമതി ലഭിച്ചില്ല.

സാമ്പത്തിക വികസനത്തിന്റെ പേരിൽ ഭരണകൂടവും മൂലധനശക്തികളും ചേർന്ന് നടപ്പാക്കുന്ന പല പദ്ധതികളും മനുഷ്യന്റെ മേൽ അടിച്ചേൽപിക്കുന്ന ദുരന്തമാകുന്നതെങ്ങനെയെന്നും, അവ നാടിന്റെയും ജനതയുടെയും സംസ്കാരത്തെയും നിലനിൽപിനെത്തന്നെയും എത്രമേൽ അട്ടിമറിക്കുമെന്നും വാക്കുകളിൽ വരച്ചുകാണിക്കാനുള്ള ശ്രമകരമായ ദൗത്യങ്ങളായി വിലയിരുത്താവുന്ന രണ്ട് നോവലുകൾ മലയാളത്തിലുണ്ടായി– കെ. അരവിന്ദാക്ഷന്റെ *ഭോപ്പാൽ*, അംബികാസുതൻ മാങ്ങാടിന്റെ *എൻമകജെ*.

## ഒരു മനുഷ്യന്റെ വിലയെത്ര?

ഇരുപത്തിരണ്ടായിരത്തോളം ആളുകളെ ശ്വാസംമുട്ടിച്ചു കൊന്ന യൂനിയൻ കാർബൈഡിന്റെ അധികൃതർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഇന്ത്യാ ഗവൺമെന്റിന് സാധിച്ചിട്ടില്ല. അഞ്ചു ലക്ഷം ഭോപ്പാലികൾക്ക് മാരക പ്രത്യാഘാതങ്ങളേറ്റു. ഇത് ഭോപ്പാൽ നഗരവാസികളുടെ 75 ശതമാനം വരും. ഇവരിൽ ഒന്നര ലക്ഷത്തോളം പേർ ഇന്നും ജീവിക്കുന്നു. ഗുരുതരമായ ഗൈനക്കോളജി പ്രശ്നങ്ങളും ജനിതക വ്യതിയാനങ്ങളും വരെ ഇത് സൃഷ്ടിക്കുമെന്നതിനാൽ ദുരന്തം പുതുതലമുറയിലേക്കും സംക്രമിക്കുന്നു.

കമ്പനി അഞ്ചു മില്യൻ ഡോളർ അടിയന്തര സഹായം നൽകി. നാലു വർഷത്തെ വിലപേശലിനൊടുവിൽ മറ്റൊരു നിയമനടപടിക്കും മുതിരില്ലെന്ന വ്യവസ്ഥയിൽ 470 മില്യൻ ഡോളർ കൂടി 'അനുവദിച്ചു'കൊണ്ട് കാർബൈഡും ഇന്ത്യാ ഗവ

ൺമെന്റും തമ്മിൽ ധാരണയുണ്ടാക്കി. ഈ ചർച്ചകളിലൊന്നും ഇരകൾക്ക് പങ്കുണ്ടായിരുന്നില്ല. എന്നാൽ ഈ 470 മില്യനിൽനിന്ന് ഒന്നും ആർക്കും കിട്ടിയില്ല. '91–ൽ യൂനിയൻ കാർബൈഡിന്റെ സകല ആസ്തികളും ഡോകെമിക്കൽസ് എന്ന കമ്പനിക്ക് വിറ്റു. അവരാകട്ടെ, തങ്ങൾ ഭോപ്പാലിൽ നഷ്ടപരിഹാരം നൽകാൻ ബാധ്യസ്ഥരല്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. കാർബൈഡ് ചെയർമാനായിരുന്ന വാറൻ ആൻഡേഴ്സൺ അമേരിക്കയിലെവിടെയോ ഇന്നും നിർഭയനായി ജീവിക്കുന്നു. കമ്പനി ആദ്യം നൽകിയ അഞ്ചു മില്യൻ ഡോളറിൽത്തന്നെ ഒരു ഭാഗം നഗര സൗന്ദര്യവത്കരണത്തിന് ചേരിയിലെ മുസ്‌ലിം സമുദായത്തെ ഒഴിപ്പിക്കാൻ ഉപയോഗപ്പെടുത്തിയത്രെ. ഇങ്ങനെയാണ് രാഷ്ട്രം അതിന്റെ തന്നെ ജനതയെ ഉന്മൂലനംചെയ്യുന്നത്. കുടിവെള്ളത്തിനു മേൽ അധിനിവേശം നടത്തി, ഒരു നാട്ടിലെ ജീവവ്യവസ്ഥയെതന്നെ തകരാറിലാക്കിയ കോളക്കമ്പനിക്കോ, ആയിരക്കണക്കിനാളുകൾക്ക് ഭൂമിയിലെ 'സ്വർഗ'ത്തിൽ നരകം തീർത്ത കീടനാശിനിക്കമ്പനിക്കോ, 'ചെലവു ചുരുക്കി' അപകടം വരുത്തിയ ബഹുരാഷ്ട്ര കമ്പനിക്കോ നഷ്ടപരിഹാര ബാധ്യതകൾ വരുന്നില്ല. വികസനത്തിന് നമ്മൾ എന്തു വിലയും കൊടുക്കണം. അല്ലെങ്കിലും ലാഭം എന്ന ദൈവത്തിനു മുന്നിൽ ജീവനും ജീവിതത്തിനുമെന്തു വില! "പ്രതാപശാലിയായ ആ ഉന്നത ദുർഗം (കാർബൈഡ്) ഒരേയൊരു മതത്തിലായിരുന്നു അതിന്റെ അസ്തിവാരമുറപ്പിച്ചത്. ലാഭത്തിൽ. അതിന്റെ നീലയും വെള്ളയും നിറത്തിലുള്ള ലോഗോ ഉന്നമനത്തിന്റെ പ്രതീകമായിരുന്നുമില്ല. മറിച്ച് ഒരു വ്യവസായമുദ്ര മാത്രം" (*It Was Five Past Midnight in Bhopal*).




ഇതുതന്നെ ആധുനിക മൂല്യവ്യവസ്ഥയുടെ നീതിബോധം. കാർബൈഡിൽനിന്ന് നഷ്ടപരിഹാരം ഈടാക്കാൻ ന്യൂയോർക്ക് കോടതിയിൽ കേസ് നടക്കുകയുണ്ടായി. മൂന്നാം ലോകത്തിലെ ഒരു പൗരന്റെ ജീവന്റെ വില കണക്കാക്കാൻ ഒരമേരിക്കൻ കോടതിക്കു കഴിയില്ലെന്നു വാദിച്ചു കമ്പനി അഭിഭാഷകർ. 'കൂരകളിൽ താമസിക്കുന്ന ആളുകളുടെ (വെറും ചെറ്റകളുടെ) ജീവന്റെ മൂല്യം എങ്ങനെ കണക്കാക്കും?!'

ഒരമേരിക്കൻ പത്രം (വാൾസ്ട്രീറ്റ് ജേണൽ) അതേറ്റെടുത്തു. അഞ്ചു ലക്ഷം ഡോളറാണ് ഒരമേരിക്കക്കാരന്റെ ജീവന്റെ വില. ഇന്ത്യയുടെ ജി.എൻ.പി (മൊത്തം ദേശീയോൽപാദനം) യു.എസ്സിന്റേതിന്റെ 1.7 ശതമാനം ആണ്. ഇതിനാനുപാതികമായി അപകടത്തിൽപെട്ട ഇന്ത്യൻ പൗരന്റെ ജീവന് 8,500 ഡോളർ. ഇങ്ങനെയാണ് മൂലധനവ്യവസ്ഥ ജീവന്റെ വില നിശ്ചയിക്കുന്നത്.

അരവിന്ദാക്ഷന്റെ നോവലിൽ (*ഭോപ്പാൽ*) വട്ടിപ്പലിശക്കാരൻ രാംഭയ്യ 'കച്ചവടം ഒരു രതി ക്രിയയാണ്' എന്ന് പറയുന്നുണ്ട്. പ്രണയവും ബലാത്സംഗവും രതിയാണ്. ശരീരത്തിന്റെ ആസക്തിയും കീഴ്പ്പെടുത്തലുമാണ് ബലാത്സംഗത്തിൽ. രതിയുടെ ആത്മാവതിലില്ല. മൂലധനവ്യവസ്ഥിതിയിൽ ലാഭം സ്വയംതന്നെ ഒരനുഭവമായിത്തീരുന്നു. കച്ചവടം അതുൽപാദിപ്പിക്കുന്ന പ്രക്രിയയും. അതൊരു സംസ്കാരമായി വിക

സിച്ച് രാംഭയ്യയെപ്പോലുള്ള ചെറുകിട വട്ടിപ്പലിശക്കാരെ പുതുതലമുറ ബാങ്കുകളും വൻ ഫാക്ടറികളും വിഴുങ്ങുകയും ചെയ്യുന്നു.

## ഒരു ഭാരതീയ പൗരന്റെ അനുഭവങ്ങൾ

*ഭോപ്പാൽ* എന്ന നോവലിൽ കേന്ദ്ര കഥാപാത്രമായ രാമുവിന്റെ അനുഭവങ്ങൾ ഇക്കാലത്തെ എല്ലാ വ്യാകുലതകളോടും അസ്വസ്ഥതകളോടും ഏറ്റുമുട്ടിക്കൊണ്ടാണ് വികാസം പ്രാപിക്കുന്നത്. തൊള്ളായിരം പറക്കോളിന്റെ അധീശത്വമുള്ള നാട്ടിലെ ജന്മി ബ്രഹ്മദത്തൻ നമ്പൂതിരി, വട്ടിപ്പലിശക്കാരൻ രാംഭയ്യ, കൈയൂക്കിന്റെ നീതിവ്യവസ്ഥ, മറാത്ത ദേശീയവാദം, സഞ്ജയ് ഗാന്ധിയുടെ ബുൾഡോസറുകൾ, സിഖ് കൂട്ടക്കൊല എന്നിവയിലൂടെ കടന്നാണ് യൂനിയൻ കാർബൈഡിലേക്കും മരണത്തിന്റെ തുണത്ത പുകയിലേക്കും അതെത്തുന്നത്. ഒടുവിൽ നാട്ടിലേക്കു വന്ന രാമുവിന്റെ ബുദ്ധിമാന്ദ്യമുള്ള മകൾ ബേറൂവിനെ കേരളത്തിലെ 'നന്മകളാൽ സമൃദ്ധരായ നാട്ടുമ്പുറ'വാസികളാരൊക്കെയോ ചേർന്ന് ബലാത്സംഗം ചെയ്ത് കൊല്ലുന്നു.ഏറ്റവുമവസാനം ഭോപ്പാലിലേക്ക് തിരിച്ചുപോകുന്ന രാമുവിന് അവിടെ തന്റെ രക്ഷകനും സുഹൃത്തുമായ സുൽത്താൻ എഴുതുന്ന കത്തിൽ ചേരിയിലെ പുതിയ താമസക്കാരായ റഫീഖ് ബാപ്പയെയും കുടുംബത്തെയും പരാമർശിക്കുന്നുണ്ട്. ഗുജറാത്തിലെ ബഡോദരയിൽ നിന്ന് ഓടിവന്നവർ. അങ്ങനെ, സ്വതന്ത്ര ഇന്ത്യ കണ്ട ഏറ്റവും സംഘടിതവും ആസൂത്രിതവുമായ വംശഹത്യയിലൂടെ ഇന്ത്യൻ പൗരന്റെ അനുഭവങ്ങൾ തുടരുന്നു.

രാമുവിന്റെ ഭാര്യ ബബിതയും അവളുടെ കുടുംബവും ഇത്തരം അനുഭവങ്ങളിലൂടെ തന്നെ കടന്നുവരുന്നു. സ്ത്രീ എന്ന നിലയിലും ആദിവാസി എന്ന നിലയിലുമെല്ലാം അവൾ നേരിടുന്ന സ്വത്വപ്രതിസന്ധികളെ അരവിന്ദാക്ഷൻ ഹൃദ്യമായടയാളപ്പെടുത്തുന്നു. ലാപിയറുടെ പഠനത്തിൽ നാം കാണുന്ന രത്നനാടാരുടെ മകൾ പത്മിനിയുടെ ചില അനുഭവങ്ങൾ ബബിത എന്ന കഥാപാത്രത്തിന്റെ വികാസത്തിന് ആധാരമാകുന്നുണ്ട്. ഒറീസയിലെ മുദിലപ്പ ഗ്രാമത്തിൽനിന്നാണ് 'ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിനു വേണ്ടാത്ത' നാടാർ കുടുംബം ഒറിയ ബസ്തിയിലേക്ക് കുടിയേറുന്നത്.നോവലിലെ ബബിതയാകട്ടെ, ഗുജറാത്തിലെ ചേറയിൽനിന്നുള്ള നാടോടി ആദിവാസി കുടുംബാംഗമാണ്. റെയിൽവേ പുറമ്പോക്കിലവർ തമ്പുകെട്ടിപ്പാർക്കുന്നു. രാമു ചോളബസ്തിയിലെ താമസക്കാരൻ. കുറ്റവാളികളെന്നു ചാപ്പകുത്തപ്പെട്ടവരാണ് ബബിതയുടെ ഗോത്രം. നർമദാ തീരത്ത് തങ്ങളെ ചെറുത്ത ഭില്ലുകളെ ഇംഗ്ലീഷുകാരാണ് കുറ്റവാളികളായി മുദ്രകുത്തിയത്. ജവഹർലാൽ നെഹ്റു ഇവരെ കുറ്റവാളിപ്പട്ടികയിൽനിന്ന് മുക്തരാക്കി. എന്നാൽ 'വെള്ളക്കാരനല്ലേ ഇന്ത്യ വിട്ടുള്ളൂ. അവന്റെ മനസ്സും നിയമങ്ങളും സ്റ്റേഷനുകളിൽ പൊടിമൂടി കിടക്കുന്നു.'

ഇത് വെള്ളക്കാരന്റെ മാത്രം പ്രശ്നമല്ല. ഇന്ത്യ നൂറ്റാണ്ടുകളായി നിലനിർത്തിപ്പോരുന്ന സവർണ മനസ്സിന്റേതു കൂടിയാണ്. നിഷാദന്മാരും കിരാതന്മാരും (ആദിവാസികളും വനവാസികളും) കുറ്റവാളികൾ തന്നെയെന്ന് വിധിച്ചത് സവർണ പുരാണങ്ങളാണ്. ഈ സവർണ സംസ്കാരവും സാമ്രാജ്യത്വത്തോടുള്ള മാനസികാടിമത്തവും ഇപ്പോഴും ഒരു ശരാശരി ഇന്ത്യൻ നാഗരികനിൽ പരിഹാസ്യമായ ഔദ്ധത്യം സൃഷ്ടിക്കുന്നു. നാഗരികന്റെ ഭരണകൂടവും പോലീസുമെല്ലാം ഇതിന്റെ അടയാളങ്ങളുമാകുന്നു. 'നഗരത്തിലെ വസൂരിപ്പൊറ്റ'കളെ കുടിയൊഴിപ്പിച്ച് സൗന്ദര്യവത്കരിക്കാനാണല്ലോ സഞ്ജയ് ഗാന്ധിയുടെ ബുൾഡോസറുകളുരുണ്ടത്.

വിഷപ്പുകയിൽ ബന്ധുക്കളെ നഷ്ടപ്പെട്ട ബബിതയോട് അന്വേഷണോദ്യോഗ

സ്ഥ ചോദിച്ചു: "നിങ്ങളുടെ അമ്മയും മുത്തശ്ശനും മുത്തശ്ശിയും അനിയനും മരിച്ച തിനു തെളിവെന്ത്?" ജീവിച്ചിരുന്നതിനുതന്നെ 'തെളിവി'ല്ലാത്തവർ മരിച്ചതിനെന്തു തെളിവ്! ഭീകരമായൊരു സ്വത്വനിരാസത്തെതന്നെയാണ് ഗോത്രങ്ങൾ നാഗരികനിൽ നിന്ന് നേരിടുന്നത്.

ബബിതക്ക് മൂന്നു ജന്മങ്ങളുണ്ട്. കാമാത്തിപുരയിൽ വിൽക്കപ്പെട്ടപ്പോൾ രക്ഷ പ്പെട്ടേടത്താണ് രണ്ടാം ജന്മം ആരംഭിക്കുന്നത്. പെണ്ണും അവളുടെ ശരീരവും ലൈംഗി കതയും വിൽപനച്ചരക്കുകളാകുന്നു. രണ്ടാമതായി അവൾ വിഷപ്പുകയിൽ ഒടുങ്ങി. തുടർന്ന് മോർച്ചറിയിൽ വെച്ച് മൂന്നാമതും ജീവിതത്തിലേക്ക്. മൃതദേഹങ്ങൾ ഒരു മിച്ച് ചിതയിലേക്കെടുത്തുവെച്ച് തീ കൊളുത്താൻ തുടങ്ങിയേടത്തുനിന്നാണ് ഒറിയ കോളനിയിലെ പത്മിനി നാടാർ ജീവിതത്തിലേക്കു തിരിച്ചുവന്നത് (*It Was Five Past Midnight in Bhopal*).

ചോളബസ്തിയിൽ രാമുവിന്റെ രക്ഷകനാവുന്ന സുൽത്താൻ അവസാനത്തെ ദൽഹി ചക്രവർത്തിയായ ബഹാദൂർഷാ സഫറിന്റെ അനന്തര പരമ്പരയിൽ പെട്ടയാ ളാണ്; ദരിദ്രനെങ്കിലും മനുഷ്യനോടുള്ള പ്രതിബദ്ധതയുടെ കാര്യത്തിൽ സുൽത്താൻ. എന്നാൽ ഈ കഥാപാത്രത്തിലൂടെ മദ്യത്തെ മഹത്വവത്കരിക്കാൻ നോവലിസ്റ്റ് ശ്ര മിച്ചു കാണുന്നു. നോവലിന്റെ പ്രമേയം അവതരിപ്പിക്കുന്നതിന് അത്ര അനിവാര്യ മായിരുന്നില്ല താനും. എന്നാൽപോലും സദാ കവിതയുരുവിടുന്ന, ദൈവത്തെ സ് നേഹിക്കുകയും അവനോട് കലഹിക്കുകയും ചെയ്യുന്ന, മറ്റുള്ളവരുടെ ക്ലേശങ്ങൾ സ്വാനുഭവങ്ങളാക്കി മാറ്റുന്ന, സഫറിന്റെയും ഗാലിബിന്റെയും കവിതയും സംഗീതവും രക്തത്തിലലിഞ്ഞിട്ടുള്ള സുൽത്താൻ ഭോപ്പാലിൽ ഒരു തിളക്കമുള്ള സാന്നിധ്യമാ ണ്. സുൽത്താന്റെ ഉപ്പാപ്പക്ക് ജിന്നയേക്കാൾ നൂറിരട്ടി വിശ്വാസമായിരുന്നു ഗാന്ധി യെയും നെഹ്റുവിനെയും. വിഭജന സമയത്ത് അവർ ദൽഹിയിൽതന്നെ നിന്നു. ദൽഹി അവരെ ഭോപ്പാലിലേക്ക് പുറംതള്ളി.

രാമുവിന്റെ അനുഭവങ്ങൾ നവമൂലധന വ്യവസ്ഥയെ വിചാരണ ചെയ്യുന്നു. 'കാലം പത്മാ നദി പോലെയാണ്. ഒരിടത്തുനിന്നെടുത്ത് മറ്റൊരിടത്തേക്ക് വെക്കും. കൈയൂക്കുള്ളവൻ അത് സ്വന്തമാക്കും. അല്ലാതെ നീതിയും സമത്വവുമെവിടെയെ'ന്ന് നാട്ടിൽ വെച്ച് ചന്ദ്രേട്ടൻ രാമുവിനോട് ചോദിച്ചു. മൂലധനവ്യവസ്ഥയിൽ നീതിയില്ല. അക്രാമകമായ പിടിച്ചടക്കൽ മാത്രം. അങ്ങനെ സമ്പത്തിന്റെ ആധാരം തന്നെ അധർമ മായിത്തീരുന്നു. 'Behind every great fortune, there is a crime' (ബൽസാക്ക്).

അധാർമികമായ ഈ ആസക്തി പുതിയ തൃഷ്ണകൾക്ക്, അവിശുദ്ധ ചോദന കൾക്ക് ജന്മം നൽകുന്നു. 'തൃഷ്ണയുടെ ദുഃഖങ്ങളിൽനിന്ന് രക്ഷയുണ്ടെന്ന് പറയു ന്നതും ഒരു തൃഷ്ണതന്നെ.' പുതിയ കാലത്ത് പുതിയ തൃഷ്ണകൾ. അതുണ്ടാക്കു ന്ന ദുഃഖവും ഹിംസയും. 'ഹിംസയാണ് മനുഷ്യന്റെ ആദിമ ചോദന'യെന്ന നിലപാ ടിലേക്ക് ലോകം നമ്മെ എത്തിക്കുന്നു. പഴയ നാട്ടുമ്പുറത്തിന്റെ അവിശുദ്ധ തൃഷ്ണ യാണ് രാമുവിന് ജന്മംനൽകിയത്. അതേ നാട്ടുമ്പുറം അവിശുദ്ധ ജന്മമെന്ന് അവനെ ആക്ഷേപിക്കുന്നതിലും വെറിപിടിച്ച തൃഷ്ണയുണ്ട്.

ലാഭതൃഷ്ണയിൽനിന്ന് മോചനം നൽകുന്ന ഒരാധ്യാത്മിക ബോധത്തെയും നോവൽ പരാമർശിക്കുന്നുണ്ട്. ഭോപ്പാലിൽ ശവശരീരങ്ങൾക്കിടയിൽനിന്ന് രാമുവിനു കിട്ടിയ വാച്ച് ഏൽപിച്ചപ്പോൾ കാമ്പിലെ ബഡാ ബാബു അതവനു തന്നെ കൊടു ത്തിട്ട് പറഞ്ഞു: 'ഇത് നീ തന്നെ കെട്ടിക്കോളൂ. ഇനി വരുന്ന ഓരോ നിമിഷവും അ നിയൻ മരണത്തെ ഓർക്കുമല്ലോ. അത് ജീവിതത്തെ ആഗ്രഹങ്ങളിൽനിന്ന് മോചി

പ്പിക്കാൻ സഹായിക്കും.' അതിവേഗത്തിൽ പായുന്ന ഈ വാച്ചാണ് വട്ടിപ്പലിശക്കാരൻ രാംഭയ്യയെ പേടിപ്പിച്ച ഒരേയൊരു വസ്തു.

തൃഷ്ണ ദർശനവും ഹിംസ ആയുധവുമായിത്തീരുന്ന സാമൂഹിക വ്യവസ്ഥിതിയിൽ അടിമകളും ഉടമകളുമുണ്ടാവുന്നു. ചരിത്രം ഉടമകളുടേതാണല്ലോ. അപഹരിക്കപ്പെടുന്ന അധ്വാനവും അതിന്റെ ഫലമാണ്. ചെലവ് ചുരുക്കി ലാഭമുണ്ടാക്കാൻ സുരക്ഷാ നിർദേശങ്ങൾ പാലിക്കാതെ കമ്പനി ദുരന്തം സ്രഷ്ടിക്കുന്നതും ഇന്ത്യൻ ജീവന്റെ വില അമേരിക്കൻ പത്രം കണക്കുകൂട്ടുന്നതുമെല്ലാം ഇതിന്റെ ഭാഗംതന്നെ.

## പ്രകൃതി, പുരുഷൻ

ലാഭത്തെ മുൻനിർത്തുന്ന സാമ്പത്തിക ദർശനവും അത് സൃഷ്ടിക്കുന്ന തൃഷ്ണകളും തന്നെയാണ് *എൻമകജെ*യിലും പ്രശ്നവത്കരിക്കപ്പെടുന്നത്. ഈ നോവൽ ദേശത്തിന്റെ കഥ പറയുന്നു. ഒരു ജനതയുടെയും. മൂലധന വ്യവസ്ഥിതി ദേശത്തെയും ജീവിതത്തെയും അട്ടിമറിക്കുന്നവിധം മിത്തുകളിലൂടെ വല്ലാതെ സഞ്ചരിക്കുന്നു അംബികാ സുതൻ മാങ്ങാട്. സവർണ പരികൽപനകളെ മാറ്റിനിർത്തിയാൽ മിത്തുകൾ പലപ്പോഴും പ്രതിരോധത്തിന്റെയും സംസ്കാരത്തിന്റെയും അടയാളങ്ങളാണ്. ദേവയാനിയും നീലകണ്ഠനുമാണ് നോവലിലെ മുഖ്യ കഥാപാത്രങ്ങൾ. ഇവരെ സ്ത്രീ, പുരുഷൻ എന്നീ പേരുകളിലാണ് ആദ്യം നാമറിയുന്നത്. പ്രകൃതി, പുരുഷൻ എന്ന രണ്ട് തത്ത്വങ്ങളുണ്ട് ഭാരതീയ ചിന്തയിൽ. തത്ത്വചിന്തയിലെ കാൽപനിക സങ്കൽപങ്ങൾ! പ്രകൃതിയും പുരുഷനും തമ്മിലുള്ള സംയോഗമാണ് ജീവന്റെ ഹേതു. ആദിമവും ദൈവികവുമായ ഒരു തൃഷ്ണയാണല്ലോ ജീവൻ നിലനിർത്തുന്നത്. ദൈവികമായ തൃഷ്ണയെ പൈശാചികമായ ഒരാർത്തിയായി പരിവർത്തിപ്പിക്കുകയാണ് ഭൗതിക അധീശ വ്യവസ്ഥകൾ. ആസുര പരിവർത്തനത്തിനു വിധേയമായ തൃഷ്ണയുടെ ഫലങ്ങളാണ് ദുഃഖവും ഹിംസയും അധിനിവേശവുമെല്ലാം. പ്രകൃതി-പുരുഷ യോഗം തൃഷ്ണയുടെ ദൈവികതയെ വീണ്ടെടുക്കുന്നു.

ദേവയാനിയും നീലകണ്ഠനും തങ്ങളുടെ പൂർവാശ്രമ കഥ പറയുന്നത് യഥാക്രമം കണ്ണാടിയോടും ഗുഹയോടുമാണ്. കണ്ണാടിയും ഗുഹയും അവരോടും അതിലൂടെ നമ്മോടും സംവദിക്കുന്നു. ഇവരുടെ പേരുകൾക്കുമുണ്ട് മിത്തിക്കൽ പരിവേഷം. നീലകണ്ഠൻ ശിവനാണ്. ദേവയാനിയെ വിളിക്കുന്നത് ദേവി എന്നാണ്. ദേവി ശക്തിയാണ്. ശിവ-ശക്തി സംയോഗമെന്നത് തത്ത്വചിന്തയിലെ പ്രകൃതി-പുരുഷ യോഗം പോലൊരു മിത്താണ്. ശിവശക്തി മിത്തുകളുടെ പ്രഭവം ഇന്ത്യയിലെ കീഴാള സമൂഹമായിരുന്നുവെന്നതും പ്രസ്താവ്യമാണ്. ഒറ്റമുലച്ചിയാണ് ദേവയാനി. ഒരു കാമാർത്തൻ കടിച്ചുപറിച്ചതിനെത്തുടർന്ന് നഷ്ടപ്പെട്ടതാണ് അവളുടെ ഒരു മുല. എൻ.പി മുഹമ്മദ് *ദൈവത്തിന്റെ കണ്ണ്* എന്ന നോവൽ പോരാടുന്ന പരിസ്ഥിതി പ്രവർത്തകർക്ക് സമർപ്പിച്ചിട്ടുണ്ട്. 'അമ്മയുടെ മാറ് കുത്തിത്തുരന്നാൽ അവസാന തുള്ളി മുലപ്പാലും ഊറ്റിയെടുക്കാമെന്നഹങ്കരിച്ച് സാങ്കേതികവിദ്യകളിൽ മദിച്ച് പുളകം കൊള്ളുന്നവർക്കെതിരെ പോരാടുന്ന'വരാണവർ എന്ന് എൻ.പി രേഖപ്പെടുത്തുന്നു.

വടക്കേ മലബാറിലെ ഒരു കീഴാള മിത്താണ് ഒറ്റമുലച്ചി. കണ്ണൂരും കാസർകോട്ടുമൊക്കെ കെട്ടിയാടപ്പെടാറുള്ളൊരു തെയ്യം. തെയ്യം എൻമകജെക്കാർക്ക് ഭൂതമാണ്. ജടാധാരി ഭൂതവും കുറത്തിയും പൊട്ടനുമൊക്കെ നോവലിൽ നിറഞ്ഞുനിൽക്കുന്ന ബിംബങ്ങളാണ്. ശങ്കരാചാര്യരെ വേദാന്തം പറഞ്ഞു തോൽപിച്ച് സവർണ ജാതി വ്യവസ്ഥക്കെതിരെ ആഞ്ഞടിച്ച ചണ്ഡാലനാണല്ലോ പൊട്ടൻ തെയ്യമായി പുനർജനിച്ചത്.

## വൈവിധ്യങ്ങളുടെയും നന്മയുടെയും നാട്

*എൻമകജെ* ഒരു ദേശത്തിന്റെ സംസ്കാരവും ചരിത്രവുമാണ്. ഈ ദേശത്തിന്റെ പൗരാണിക ചരിത്രം ജൈനമതവുമായി ബന്ധപ്പെടുന്നു. പ്രാണികൾ തീയിൽ വീണു ചാവാതിരിക്കാൻ സന്ധ്യക്കു മുമ്പ് വിളക്ക് കെടുത്തുന്നവരായിരുന്നത്രെ അവർ. പ്രകൃതിയും ജീവനുമായി അത്ര തീക്ഷ്ണവും ആധ്യാത്മികവുമായ ബന്ധം പുലർത്തിവന്ന ആ ദേശത്തെയും സംസ്കാരത്തെയുമാണ് തേയിലക്കൊതുകിനെ കൊല്ലാനെന്ന പേരിൽ ലാഭവ്യവസ്ഥ കീടനാശിനി കൊണ്ടാക്രമിച്ചത്. ജാതിമേലാളന്മാരുടെയും സാമ്രാജ്യത്വത്തിന്റെയുമൊക്കെ കീഴിലകപ്പെട്ട എൻമകജെയിലെ ആദിമ സമൂഹം പിൽക്കാലത്ത് അക്ഷരാഭ്യാസം പോലും നിഷേധിക്കപ്പെട്ടവരായി. അവരുടെ ഭാഷകൾ വാമൊഴിയിലൊതുങ്ങി.

സാംസ്കാരികമായും ഭാഷാപരമായുമുള്ള വൈവിധ്യങ്ങൾ തുളുനാട്ടിന്റെ സവിശേഷതയാണ്. എൻമകജെയാണ് അതിൽ നല്ല മാതൃക. പൊതുഭാഷയായ തുളു തന്നെ മൂന്നു നാലു തരത്തിൽ സംസാരിക്കാറുണ്ടെന്ന് നോവൽ പറയുന്നു. വ്യത്യസ്ത തരത്തിൽതന്നെ കൊങ്കിണിയും. കൂടാതെ മറാഠി, ബ്യാരി, മലയാളം, കന്നട, ഉർദു, അറബി എന്നിവയും സ്വതന്ത്രമായോ മറ്റു ഭാഷകളോട് ചേർന്നോ ഇവിടെ നിലനിൽക്കുന്നു. 'വീട്' എന്ന വാക്കിനെ വിവരിക്കുന്നുണ്ട് പഞ്ചി മൂപ്പൻ എന്ന കഥാപാത്രം. 'ബണ്ടമ്മാര്ടെ ഗുത്തു, പൂജാര്യോൾടെ (തിയ്യമ്മാർ) കൊട്ട്യ. മൊഗറും കൊപ്പാളരും പറയുന്നത് ഭട്ടിഗ് എന്ന്. കൊറഗർക്ക് കൊപ്പ, മാദിഗരത് മാട, മയിലമ്മാരത് ചേറ, ജൈനമ്മാരത് ബസതി, ബ്രാഹ്മണരെ മന' എന്നിങ്ങനെ. ചെറിയൊരു ദേശത്ത് ഏറെ ജനസമൂഹങ്ങൾ, ഒട്ടേറെ ഭാഷകൾ, ഒരു ലോകം തന്നെ എൻമകജെ. ലോകത്തിലെ സാംസ്കാരിക, ജീവിത വൈവിധ്യങ്ങളെയാണല്ലോ ആധുനിക ലാഭവ്യവസ്ഥിതി തകർക്കുന്നത്. സ്വർഗം എന്നാണ് എൻമകജെയിലെ 'പട്ടണ'ത്തിന്റെ പേര്. തങ്ങളുടെ ഭൂതകാലത്തെത്തന്നെ ഉപേക്ഷിച്ച് തീർഥാടനത്തിനിറങ്ങിയ സ്ത്രീക്കും പുരുഷനും എത്തിച്ചേരാൻ പറ്റിയ സ്ഥലം. ലാഭത്തെ മുൻനിർത്തിയുള്ള സാമ്പത്തിക ദർശനം ഭൂമിയിലെ ഏത് സ്വർഗത്തെയും നരകമാക്കുമെന്ന്, ജീവിതത്തെ യാതനയാക്കിത്തീർക്കുമെന്ന് അനുഭവം കൊണ്ടവർ തിരിച്ചറിഞ്ഞു. സകലതും അട്ടിമറിക്കാനുള്ള ശ്രമമാണീ ദർശനം. കുരങ്ങിന്റെ മുഖമുള്ള മനുഷ്യക്കുരങ്ങുകളെ കണ്ടും ചികിത്സിച്ചും സ്വാസ്ഥ്യം തകർന്ന ഡോ. അരുൺ കുമാറിന്റെ വിലാപം (എവല്യൂഷൻ തിയറി തിരിച്ചിടുന്ന ആ ശക്തിയേതാണപ്പാ!) ഇതിനെ സൂചിപ്പിക്കുന്നു. നീലകണ്ഠന്റെ ഒരാത്മഗതവും ഇങ്ങനെ വായിക്കാം: "നഗരത്തിലെ രോഗങ്ങൾ ദുഷിച്ച ജീവിതം കൊണ്ട് അവർ തന്നെ വരുത്തി വെച്ചതാണ്. എന്നാൽ ഈ കുഞ്ഞുങ്ങളെന്തു പിഴച്ചു? അവരുടെ അച്ഛനമ്മമാർ എന്തു തെറ്റു ചെയ്തു?"

ഒരു സാധാരണ നാട്ടുവാഴിത്ത സമൂഹത്തിലെ പരമ്പരാഗത നാട്ടുമ്പുറമല്ല എൻമകജെ. 'പൈസേന്നും വേണ്ടപ്പാ. കേറീക്കോളീ' എന്ന് പറയുന്ന ബസ് കണ്ടക്ടർ മുതൽ, നോവലിൽ കണ്ടുമുട്ടുന്ന പല കഥാപാത്രങ്ങളും സ്നേഹിക്കാനറിയുന്ന പച്ച മനുഷ്യരാണ്. ഈ നന്മക്കു മേൽ ഒരു തേയിലക്കൊതുകും പറന്നിരുന്നില്ല. പ്ലാന്റേഷൻ കോർപറേഷനും കീടനാശിനി കമ്പനിയും രാഷ്ട്രീയക്കാരും തമ്മിലുള്ള കിടപ്പറക്കൂട്ടിൽ നിന്നാണ് തേയിലക്കൊതുക് പിറന്നത്. നോവലിൽ ആളുകളെ പറ്റിച്ച് രതിമൂർച്ഛയനുഭവിക്കുന്ന നേതാവ് പ്രധാന വില്ലനായി വരുന്നുണ്ട്. കൊല്ലങ്ങളോളം കാസർകോട്ടെ പതിമൂന്ന് പഞ്ചായത്തുകൾക്കു മേൽ കീടനാശിനി തളിച്ചു. എൻഡോസൾഫാനിലുള്ള ഓർഗാനോ ക്ലോറിന് ഹോർമോണുകളെ അനുകരിക്കാൻ

കഴിവുണ്ട്. സ്വാഭാവികമായും ഇത് ശരീരത്തിലെ ജൈവപ്രക്രിയകളുടെ താളം തെറ്റിക്കും. ഷണ്ഡത്വവും ആർത്തവത്തകരാറുകളും മുതൽ ബ്രസ്റ്റ്, പ്രോസ്റ്റേറ്റ് കാൻസറുകളും അംഗവൈകല്യങ്ങളും വരെ ഇതുണ്ടാക്കും. ചിലപ്പോൾ ഡി.എൻ.എ ഘടനയെത്തന്നെ മാറ്റിമറിക്കും. മുലപ്പാലിൽ പോലും ഇതിന്റെ അംശം നിലനിൽക്കും.

ജലസമൃദ്ധിയാണ് എൻമകജെയെ സ്വർഗമാക്കിയത്. അവിടെ ആരും കിണർ കുഴിച്ചിരുന്നില്ല. സുരങ്ക(തുരങ്കം)ങ്ങളിലൂടെ ശുദ്ധമായ വെള്ളം ഒഴുകിയെത്തുന്നു. ഈ വെള്ളവും വിഷമയമായി. വിദ്യാഭ്യാസമില്ലാത്ത ജനത അവർക്കുണ്ടായ പ്രശ്നങ്ങൾ ദൈവശാപം നിമിത്തമാണെന്ന് കരുതി. ബീഹാറിൽ യുറേനിയം ഖനനം നടക്കുന്ന ജാദുഗുദുവിലെ ആദിവാസികളും ഇങ്ങനെയാണല്ലോ വിശ്വസിച്ചിരുന്നത്. ഈ അജ്ഞതയും ചൂഷകർക്ക് വളമായിത്തീരുന്നു. 'എത്രയോ നൂറ്റാണ്ടുകളായി സംഭവിച്ചുകൊണ്ടിരുന്ന കുടിയേറ്റങ്ങളെയും പടയോട്ടങ്ങളെയും എൻമകജെയിലെ പ്രകൃതിയും മനുഷ്യരും അതിജയിച്ചു. ഇപ്പോൾ 'സ്വതന്ത്രരായ മനുഷ്യർ' തെരഞ്ഞെടുത്ത സർക്കാറുകൾ കാളിയനെപ്പോലെ അവരെ വരിഞ്ഞു മുറുക്കുന്നു.' വെള്ളിക്കാശിനു വേണ്ടി നാട് ഒറ്റിക്കൊടുക്കപ്പെടുന്ന ചരിത്രമാണ് എൻമകജെയുടേത്.

## സന്യാസവും ഗർഭപാത്രവും

നീലകണ്ഠന്റെയും ദേവയാനിയുടെയും ജീവിതാനുഭവങ്ങൾ ചില ധാരണകളെ തിരുത്തുന്നുണ്ട്. ദാമ്പത്യം മുതൽ ഗർഭപാത്രം വരെയുള്ള കാര്യങ്ങളിൽ ഉത്തരാധുനിക കാലത്തെ അതിവാദ ചിന്താഗതിക്കാർ കൈക്കൊണ്ടിട്ടുള്ള നിലപാടാണൊന്ന്. ഗർഭപാത്രം ഉപേക്ഷിച്ചുകൊണ്ടാണ് രണ്ടു പേരും പുറപ്പെട്ടത്. ഈ തീരുമാനവും പ്രവൃത്തിയും തെറ്റായിപ്പോയെന്ന നിഗമനത്തിൽ കാലം അവരെ കൊണ്ടെത്തിക്കുന്നു. മാതൃത്വത്തിന്റെയും സ്നേഹത്തിന്റെയും ദർശനത്തെപ്പറ്റി അവർ പുതിയൊരവബോധം നേടുന്നു.

സന്യാസവുമായി ബന്ധപ്പെട്ട നിലപാടാണ് മറ്റൊന്ന്. എല്ലാം വിട്ടെറിഞ്ഞ് ഗുഹയിലേക്ക് പ്രവേശിച്ചപ്പോൾ ഗുഹ നീലകണ്ഠനോട് പറഞ്ഞു: "സന്യാസം ഒളിച്ചോട്ടമല്ല. യാഥാർഥ്യങ്ങളെ നേരിടലാണ് യഥാർഥ സന്യാസം. എല്ലാം നേടിക്കഴിഞ്ഞ് പിൻമടങ്ങിയവരാണ്, ഒളിച്ചുവന്നവരല്ല മുൻകാലങ്ങളിൽ ഇവിടെ പാർത്തിരുന്നത്." സമൂഹത്തോടുള്ള പ്രതിബദ്ധതയും ബന്ധവുമാണ് ആത്മീയതയുടെ കാതൽ.

ആധുനിക മൂലധന വ്യവസ്ഥ മനുഷ്യനോട് യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നതിന്റെ അടയാളം പോലെയാണ് കീടനാശിനികളുടെ പേരുകൾ പോലും എന്ന് *എൻമകജെ* നോവലിൽ ഒരു പരാമർശമുണ്ട്. വളഞ്ഞു പിടിക്കുക (Round Up), വെട്ടുകത്തി (Machete), ഊരാക്കുടുക്ക് (Lasso), മിന്നൽ (Lightning), കൊള്ളയടിക്കാൻ പറുങ്ങി നടക്കുക (Prowl), വൈരനിര്യാതനം (പകപോക്കൽ–Avenge) തുടങ്ങിയവ ഉദാഹരണം. എന്തായാലും ഈ വ്യവഹാര വ്യവസ്ഥക്കെതിരായ പ്രതിഷേധം ഈ നോവലുകളെ മഹത്തരങ്ങളാക്കുന്നു. സാമൂഹികമായ അവബോധം പകരുന്ന, നിസ്സംഗനാവാൻ അനുവദിക്കാത്ത, പ്രതികരിക്കാൻ പ്രേരിപ്പിക്കുന്ന ഇത്തരം സംരംഭങ്ങൾ ഇന്നത്തെ സമരപോരാട്ടങ്ങൾക്ക് വീര്യം പകരുകതന്നെ ചെയ്യും. ■